"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം:ഡി.ഡി.2/38/2023/ത.സ്വ.ഭ.വ തദ്ദേശ സ്വയംഭരണ (ഡി.ഡി.) വകുപ്പ്

തിരുവനന്തപുരം,

തീയതി: 02-12-2023

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണം-അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതി-സമഗ്ര നീർത്തട വികസനം ലക്ഷ്യമാക്കി 'നീരുറവ്' പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന:- 1. സർക്കുലർ നം.ഡിഡി2/355/2022/തസ്വഭവ തീയതി 22-10-2022

2. അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതി സംസ്ഥാന കൗൺസിലിന്റെ 08.12.20222-ലെ യോഗതീരുമാനം നം.12

3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 19.04.2023-ലെ LSGD/PD/26308/2023-DPLD3 നമ്പർ കത്ത്

**********************

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ, "നീരുറവ്" എന്ന പേരിൽ സമഗ്ര നീർത്തടാധിഷ്ഠിത പദ്ധതി ആവിഷ്കരിച്ച് കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടപ്പിലാക്കി വരികയാണ്. ഈ പദ്ധതി പ്രവർത്തനങ്ങൾക്ക് ഉദ്ദേശിക്കുന്ന ഫലപ്രാപ്തി ലഭിക്കണമെങ്കിൽ നഗരപ്രദേശങ്ങളിൽ കൂടി നീരുറവ് പദ്ധതി വ്യാപിപ്പിക്കണമെന്ന് അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതി സംസ്ഥാന കൗൺസിൽ യോഗത്തിൽ തീരുമാനിച്ചിരുന്നു. ടി സാഹചര്യത്തിൽ നഗരപ്രദേശങ്ങളിൽ നീരുറവ് പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സൂചന (2) പ്രകാരം സമർപ്പിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**സംയോജിത നീർത്തട പരിപാലനം**

ചെറുതോ വലുതോ ആയ ഏതൊരു നീർച്ചാലിനും അതിലേക്ക് ഒഴുകിയെത്തുന്ന വെള്ളം സമാഹരിക്കുന്ന ഒരു ഭൂവിഭാഗം ചുറ്റുമായി ഉണ്ടാകും. ഈ ഭൂഭാഗത്തെയാണ് പ്രസ്തുത നീർച്ചാലിന്റെ നീർത്തടം എന്നു പറയുന്നത്. നാം പരിഗണിക്കുന്ന നീർച്ചാലിന്റെ നീളത്തിനനുസരിച്ച് നീർത്തടത്തിന്റെ വിസ്തൃതിയും വ്യത്യസ്തമാകുന്നു. ഇപ്രകാരം നദീതടത്തെ പല ഉപനീർത്തടങ്ങളായും ഒരു ഉപനീർത്തടത്തെ പല ചെറു നീർത്തടങ്ങളായും തരം തിരിക്കാം. നീർത്തട പ്രദേശത്തിനുള്ളിലെ ജലവ്യവസ്ഥയും മണ്ണും സമ്പത്തും പരസ്പര ബന്ധിതമായി നിലകൊള്ളുന്നുവെന്നതാണ് നീർത്തടത്തിന്റെ പ്രത്യേകത. ഭൂസവിശേഷതകളായ കുന്ന്, ചരിവ്, താഴ്‌വര, മണ്ണിന്റെ ആഴം, ഘടന, മണ്ണൊലിപ്പ് തുടങ്ങിയ

ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി ഓരോ പ്രദേശത്തും ജലലഭ്യത ഉറപ്പാക്കുന്നതിനും, ജലസംരക്ഷണം സാധ്യമാക്കുന്നതിനും, ഭൂവിനിയോഗം ക്രമപ്പെടുത്തുന്നതിനും അതിലൂടെ ജൈവസമ്പത്ത് സംരക്ഷിക്കുന്നതിനും കാർഷിക ഉത്പാദനവും ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നീർത്തടമെന്ന പ്രകൃതിദത്ത യൂണിറ്റിന്റെ അടിസ്ഥാനത്തിലായിരിക്കണം നടത്തേണ്ടത് (watershed based approach). ഇടപെടൽ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് അനുയോജ്യമായ സാങ്കേതികവിദ്യ അവലംബിച്ച് കുന്നിൻ മുകളിൽ നിന്നും താഴ്വരയിലേക്ക് നീങ്ങുന്ന സമീപനമായിരിക്കണം സ്വീകരിക്കേണ്ടത് (Ridge to valley approach). നീർത്തടം എന്നത് വികസനത്തിന്റെ ഒതുക്കമുള്ള ഏകകം (unit) ആയതിനാൽ കൃഷി, ജലസേചനം, മൃഗസംരക്ഷണം, മത്സ്യകൃഷി, സാമൂഹ്യവനവത്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ സമന്വയിപ്പിച്ച് ഒരു സംയോജിത നീർത്തട പരിപാലന (Integrated Watershed Management) കാഴ്ചപ്പാടോടുകൂടിയാണ് പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടത്.

സംയോജിത നീർത്തട പരിപാലനലക്ഷ്യം കൈവരിക്കുന്നതിന് ഏറ്റെടുക്കാവുന്ന പ്രവൃത്തികളുടെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എ) തടയണ നിർമ്മാണം: വെള്ളത്തിന്റെ വേഗതയിലുള്ള ഒഴുക്ക് തടസ്സപ്പെടുത്തുന്നതിന് കല്ലടുക്കി ഇരുമ്പ് വല കൊണ്ട് ആവരണം ചെയ്ത് (Gabion) തടസ്സങ്ങൾ സൃഷ്ടിക്കാവുന്ന സ്ഥലങ്ങൾ.

ബി) വിയർ നിർമ്മാണം: നീരൊഴുക്ക് തടസ്സപ്പെടുത്തി ജലസംഭരണം സാധ്യമാക്കുക

സി) തട്ടുതിരിക്കൽ

(ഡി) കോണ്ടൂർ ബണ്ടിംഗ്: വലിയ ചരിവുള്ള പ്രദേശങ്ങളിൽ ചരിവിനു കുറുകേ കയ്യാല നിർമ്മിക്കുക.

ഇ) ചരിവു കുറഞ്ഞ പ്രദേശങ്ങളിൽ കോണ്ടൂർ ട്രെഞ്ചുകൾ, മഴക്കുഴികൾ തുടങ്ങിയവയുടെ നിർമാണം

എഫ്) പൊതുകുളങ്ങളുടെ നിർമ്മാണവും പൊതുകുളങ്ങളടക്കമുള്ള മറ്റു ജലസ്രോതസ്സുകളുടെ സംരക്ഷണ പ്രവൃത്തികളും

ജി) ബണ്ടുകൾ ശക്തിപ്പെടുത്തൽ: പുല്ല്, മരങ്ങൾ എന്നിവ വച്ച് പിടിപ്പിക്കുക.

എച്ച്) ധാരാളം വേരുപടലങ്ങളുള്ള ഗിനിഗ്രാസ്സ്, രാമച്ചം മുതലായ പുല്ല് വർഗ്ഗങ്ങളും മരങ്ങളും വച്ചു പിടിപ്പിക്കുക.

ഐ) ജൈവ വേലി നിർമ്മിതികൾ: വട്ട, ശീമക്കൊന്ന, ബാബൂൾ തുടങ്ങിയ ജൈവവളമായി ഉപയോഗിക്കാൻ പറ്റിയ മരങ്ങൾ പുറമ്പോക്കുകളുടെ അതിരുകളിലും നീർച്ചാലുകളുടെ കരകളിലും വച്ചുപിടിപ്പിക്കുക.

ജെ) ബ്രഷ് വുഡ് തടയണ നിർമ്മാണം (പാഴ്ത്തടികൊണ്ടുണ്ടാക്കുന്നവ) : നീർച്ചാലുകളിൽ

പാത്തടികൾ, മരക്കൊമ്പുകൾ ഉപയോഗിച്ച്

അതേ സമയം അയ്യങ്കാളി പദ്ധതി നടപ്പാക്കുന്നത് നഗര പ്രദേശങ്ങളിലായതിനാൽ പ്രകൃതി വിഭവ പരിപാലന പ്രവർത്തനങ്ങൾ/ പ്രവൃത്തികൾ എന്നിവയ്ക്ക് നഗര മേഖലകളിൽ പരിമിതമായ സാധ്യതകളാണ് ഉള്ളത് എന്നത് കണക്കിലെടുത്ത് സാധ്യമായ പ്രവൃത്തികൾ ചുവടെ പറയുന്നവയിൽ കേന്ദ്രീകരിച്ച് നടപ്പിലാക്കാവുന്നതാണ്.

- മഴവെള്ളം സുരക്ഷിതമായി ഒഴുക്കി കളയുന്നതിനുള്ള പ്രവർത്തനങ്ങൾ (ഓരോ നീർച്ചാലിലും ഒഴുകിയെത്തുന്ന പരമാവധി വെള്ളത്തിന്റെ തോത് കണക്കാക്കി നീർച്ചാലുകളുടെ ആഴം, വീതി എന്നിവയുടെ ക്രമീകരണം, പാർശ്വങ്ങൾ ബയോ എഞ്ചിനീയറിംഗ് സാങ്കേതങ്ങൾ ഉപയോഗിച്ച് സംരക്ഷണം എന്നിവ നടത്താവുന്നതാണ്).
- മഴവെള്ള റീചാർജിങ്
- ഖര ദ്രവ മാലിന്യ സംസ്കരണം
- ജനങ്ങളുടെ ഉപജീവന അടിത്തറ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ
- കുളങ്ങളുടെ നവീകരണം
- ഗ്രേ വാട്ടർ മാനേജ്മെന്റ്
- റോഡുകളുടെ വശങ്ങളിൽ അവന്യൂ പ്ലാന്റേഷൻ
- Percolation ടാങ്കുകളുടെ നിർമ്മാണം

**നീർത്തടവികസന പ്രവർത്തനങ്ങൾ ശാസ്ത്രീയമായ പഠനങ്ങളുടെ അടിസ്ഥാനത്തിലാവണം ഏറ്റെടുക്കേണ്ടത്. ചരിവ് കൂടിയതും, മണ്ണിടിച്ചിൽ ഉണ്ടാകാൻ സാധ്യതയുള്ളതുമായ സ്ഥലങ്ങളിൽ മഴക്കുഴികൾ, കോണ്ടൂർ ട്രഞ്ചുകൾ തുടങ്ങിയവ അശാസ്ത്രീയമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത് കർശനമായും ഒഴിവാക്കേണ്ടതാണ്.**

**പദ്ധതി പ്രവൃത്തികൾ നിർത്തടാധിഷ്ഠിതമായി കണ്ടെത്തുന്ന രീതി**

'നീരുറവ്' - ഓരോ നഗരസഭയിലെയും നീർച്ചാൽ ശൃംഖലകൾ കണ്ടെത്തി ഓരോ നീർച്ചാലുകളിലും അവയുടെ വൃഷ്ടിപ്രദേശങ്ങളിലും അനുയോജ്യമായ പരിപാലനപ്രവൃത്തികൾ ഉൾപ്പെടുന്ന സമഗ്രമായ പദ്ധതിരേഖ തയ്യാറാക്കി നിർവ്വഹണം നടത്തുന്നതിനാണ് ലക്ഷ്യം വയ്ക്കുന്നത്. കൂടാതെ നീർച്ചാലുകളെ മാലിന്യ മുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതാണ്.

നീർച്ചാൽ ശൃംഖലകൾ കേന്ദ്രീകരിച്ച് സമഗ്ര നീർത്തട പദ്ധതി തയാറാക്കുന്നതിന് ചുവടെ പറയുന്ന നടപടികൾ അനുവർത്തിക്കാവുന്നതാണ്.

1. നഗരസഭകളുടെ നേതൃത്വത്തിൽ ആയിരിക്കണം പദ്ധതി തയ്യാറാക്കേണ്ടത്. പദ്ധതിയെ സംബന്ധിച്ച പൂർണ്ണമായ ബോദ്ധ്യം നഗരസഭകൾക്ക് ഉണ്ടായിരിക്കണം. ജനപ്രതിനിധികൾ, പ്രദേശവാസികളായ കർഷകർ, കർഷക തൊഴിലാളികൾ, തൊഴിലുറപ്പ് തൊഴിലാളികൾ, മേറ്റുമാർ, കുടുംബശ്രീ സ്വയം സഹായ സംഘം

അംഗങ്ങൾ, സന്നദ്ധ പ്രവർത്തകർ, സാംസ്കാരിക സംഘടനകൾ, ക്ലബ്ബുകൾ, വായനശാലകൾ തുടങ്ങിയ എല്ലാ വിഭാഗങ്ങളിലും പദ്ധതിയെപ്പറ്റി അവബോധം സൃഷ്ടിക്കുന്നതിനാവശ്യമായ ആലോചനായോഗങ്ങൾ, പരിശീലന പരിപാടികൾ, വിവിധ ഓൺലൈൻ മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ, മറ്റു ക്യാംപയിൻ പ്രവർത്തനങ്ങൾ എന്നിവ പ്രാരംഭ ഘട്ടം മുതൽ സംഘടിപ്പിക്കേണ്ടതാണ്.

2. **സമഗ്ര നീർത്തട പദ്ധതി തയ്യാറാക്കുന്നതിന്റെ ആദ്യത്തെ പടി എന്നത് നീർത്തടത്തിന്റെ അതിർത്തി നിർണ്ണയം ആണ്.** ഡ്രയിനേജ് മാപ്പ് ടോപ്പോ ഷീറ്റ്, ഗൂഗിൾ എർത്ത് എന്നിവയുടെ സഹായത്തോടെ ഓരോ നീർത്തടത്തിന്റെയും അതിർത്തി നിർണ്ണയിക്കാവുന്നതാണ്. ഇതോടൊപ്പം കഡസ്ട്രൽ മാപ്പിന്റെ സഹായത്തോടെ നീർത്തട അതിർത്തിയിൽ ഫീൽഡു സന്ദർശനം നടത്തി ഏതൊക്കെ സർവേ നമ്പരിൽപ്പെട്ട സ്ഥലങ്ങൾ നീർത്തട അതിർത്തിയിൽ ഉൾപ്പെട്ടിരിക്കുന്നു എന്നും മനസ്സിലാക്കാവുന്നതാണ്.

3. **നഗരസഭ തലത്തിൽ പ്രാഥമിക യോഗം .** ഈ യോഗത്തിൽ നീർത്തടത്തിന്റെ അതിരുകൾ, നീർച്ചാലുകളുടെ വിവരം, ഔട്ട് ലെറ്റ്, നീർച്ചാലുകളിലേക്ക് തുറന്നിരിക്കുന്ന മാലിന്യ കുഴലുകൾ നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ, പദ്ധതി നടത്തിപ്പിന് സ്വീകരിക്കേണ്ട പ്രാഥമിക നടപടി ക്രമങ്ങൾ തുടങ്ങിയവ ചർച്ച ചെയ്യണം.

4. **നീർച്ചാൽ നടത്തവും ട്രാൻസെക്ട് വാക്കും (Transect walk)** - നഗരസഭ ചെയർപേഴ്സൺ, മറ്റു വിശിഷ്ട വ്യക്തികൾ, നീർത്തട പ്രദേശത്തെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ മേറ്റുമാർ, കർഷകർ, സന്നദ്ധ പ്രവർത്തകർ എന്നിവർ അടങ്ങിയ ടീം പ്രധാന നീർച്ചാലുകളുടെ വശങ്ങളിലൂടെയും തുടർന്ന് നീർത്തട പ്രദേശം മുഴുവനും നടന്നു കാണുന്നത് പദ്ധതിയെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും പദ്ധതി പ്രദേശത്തിന്റെ സവിശേഷതകൾ മനസ്സിലാക്കുന്നതിനും സഹായകരമാകും. പദ്ധതിയിൽ ഏറ്റെടുക്കേണ്ട പ്രവൃത്തികൾ സംബന്ധിച്ച് ഒരു പ്രാഥമിക ധാരണ രൂപപ്പെടുത്തുന്നതിനും ഇത് ഉപകരിക്കും.

5. **നീർത്തട അയൽക്കൂട്ടങ്ങളുടെ രൂപീകരണം** - ഒരു പ്രദേശത്ത് ഭൂമിശാസ്ത്രപരമായി അടുത്തടുത്തു കിടക്കുന്ന വീടുകൾ ചേർന്നാണ് നീർത്തട അയൽക്കൂട്ടങ്ങൾ രൂപീകരിക്കേണ്ടത്. 40 മുതൽ 5 0 വരെ കുടുംബങ്ങൾ ചേരുന്നതാകണം നീർത്തട അയൽക്കൂട്ടങ്ങൾ. പ്രാഥമിക വിവരശേഖരണം നീർത്തട പ്രദേശത്തെ പ്രശ്നങ്ങളും ആവശ്യകതകളും മനസ്സിലാക്കൽ, പദ്ധതി പ്രവർത്തനങ്ങളിൽ പ്രദേശവാസികളുടെ പൂർണ്ണമായ പങ്കാളിത്തം ഉറപ്പുവരുത്തൽ എന്നിവയ്ക്ക് അയൽക്കൂട്ട രൂപീകരണം പ്രയോജനപ്പെടും. ഓരോ നീർത്തട അയൽക്കൂട്ടത്തിൽ നിന്നും കുറഞ്ഞത് രണ്ടു വീതം സന്നദ്ധ പ്രവർത്തകരെ തെരഞ്ഞെടുത്ത് പദ്ധതി പ്രവർത്തനത്തിൽ പങ്കാളികളാക്കേണ്ടതാണ്.

6. **പ്രാഥമിക വിവരശേഖരണം :- പദ്ധതി പ്രദേശത്തെ ഓരോ സർവ്വേ നമ്പരിലും ഉൾപ്പെട്ട പൊതുഭൂമിയിലും സ്വകാര്യ ഭൂമിയിലും നീർച്ചാലുകളിലും, പൊതുകുളങ്ങൾ അടക്കമുള്ള മറ്റു**

**ജലസ്രോതസ്സുകളിലും നേരിട്ട് സന്ദർശിച്ച് അവയുടെ സവിശേഷതകൾക്കനുസരിച്ച് ശാസ്ത്രീയമായി നടത്തേണ്ട ഇടപെടലുകൾ കണ്ടെത്തണം.** സ്വകാര്യ ഭൂമിയിൽ വിവരശേഖരണം നടത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ട വോളന്റിയർമാർ, കോളേജുകളിലെ NCC, NSS വിഭാഗങ്ങൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്താം. ഗാർഹിക സർവ്വേയിൽ പ്രവർത്തകരെ സഹായിക്കുന്നതിന് മേറ്റുമാരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. സന്നദ്ധ പൊതുഭൂമി, നീർച്ചാലുകൾ, പൊതുകുളങ്ങൾ അടക്കമുള്ള മറ്റു ജലസ്രോതസ്സുകൾ എന്നിവയിൽ തൊഴിലുറപ്പ് പദ്ധതിയിലെ എഞ്ചിനീയർമാർ, ഓവർസിയർമാർ എന്നിവർ സന്ദർശിച്ച് ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ കണ്ടെത്തേണ്ടതാണ്.

7. വിവരശേഖരണം നടത്തുമ്പോൾ നീർച്ചാലുകളുടെ വൃഷ്ടിപ്രദേശങ്ങളിൽ ഉൾപ്പെട്ട പൊതു സ്വകാര്യ ഭൂമിയിൽ കോണ്ടൂർ ബണ്ടുകൾ, ട്രഞ്ചുകൾ, തട്ടു തിരിക്കൽ, മഴക്കുഴികൾ, മൺകയ്യാലകൾ, വൃക്ഷവല്ക്കരണം, കിണർ റീച്ചാർജ്, കുളങ്ങളുടെ നിർമ്മാണം, പൊതുകുളങ്ങളും നീർച്ചാലുകളും വൃത്തിയാക്കൽ, പൊതുകുളങ്ങളുടെയും മറ്റു പരമ്പരാഗത ജലസ്രോതസ്സുകളുടെയും പുനരുദ്ധാരണം തുടങ്ങി സാധ്യമായ എല്ലാ പ്രകൃതി വിഭവപരിപാലന പ്രവൃത്തികളും കണ്ടെത്തണം. ചെറുതും വലുതുമായ എല്ലാ നീർച്ചാലുകൾക്ക് കുറുകെയും നീർച്ചാലുകൾ തുടങ്ങുന്നതു മുതൽ അവസാനിക്കുന്നതുവരെ കൃത്യമായ അകലം പാലിച്ച് അനുയോജ്യമായ തടയണകൾ മതിയായ എണ്ണം നിർമ്മിക്കാൻ ശ്രദ്ധിക്കണം. ഇതിനു പുറമേ ആ പ്രദേശത്തെ ജനങ്ങൾക്ക് ഉപജീവനത്തിന് സഹായകരമാകുന്ന വരുമാനദായക ആസ്തികളായ കാലിത്തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, തീറ്റപ്പുൽകൃഷി, അസോള ടാങ്ക്, സ്വയം സഹായ സംഘങ്ങൾക്കുള്ള വർക്ക് ഷെഡുകൾ, ഗ്രാമീണ വിപണന കേന്ദ്രങ്ങൾ തുടങ്ങിയവയ്ക്കുള്ള സാധ്യതകളും കണ്ടെത്തണം. മാലിന്യങ്ങളുടെ ശാസ്ത്രീയമായ സംസ്കരണത്തിന് ഉതകുന്ന കമ്പോസ്റ്റ് പിറ്റുകൾ, സോക്പിറ്റ്, മിനി MCF തുടങ്ങിയവയും ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനത്തിനായി സർക്കാർ സ്കൂളുകൾക്ക് ചുറ്റുമതിൽ, പാചകപ്പുര, ഭക്ഷണശാല, അങ്കണവാടി കെട്ടിടങ്ങൾ, കളിക്കളങ്ങൾ, റോഡുകൾ, കലുങ്കുകൾ തുടങ്ങിയവയും നിർമ്മിക്കേണ്ടതുണ്ടോ എന്ന് കണ്ടെത്തേണ്ടതാണ്. താപനത്തിന്റെ ഫലമായുണ്ടാകുന്ന കാലാവസ്ഥാ ആഗോള വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങളെ ലഘൂകരിക്കുന്നതിന് ഉതകുന്ന പ്രവൃത്തികൾ ഏറ്റെടുക്കുവാൻ പ്രത്യേകമായി ശ്രദ്ധിക്കേണ്ടതാണ്. പദ്ധതിയിൽ തികച്ചും പ്രായോഗികവും നിർവ്വഹിക്കുവാൻ കഴിയുന്നതുമായ പ്രവർത്തനങ്ങൾ മാത്രമേ ഉൾപ്പെടുത്താവൂ.

8. സംയോജന സാധ്യതകൾ : നഗരസഭകളുടെ പദ്ധതി വിഹിതം, കൃഷി വകുപ്പ്, മണ്ണുസംരക്ഷണ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, മത്സ്യ വകുപ്പ്, ജലസേചന വകുപ്പ്, വനം വകുപ്പ്, കുടുംബശ്രീ, ശുചിത്വമിഷൻ, ഹരിത കേരള മിഷൻ എന്നിങ്ങനെ വിവിധ വകുപ്പുകളുമായും ഏജൻസികളുമായുള്ള സംയോജന സാധ്യതകൾ വിവരശേഖരണ ഘട്ടത്തിൽ തന്നെ കണ്ടെത്തി ഉൾപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കണം. സംയോജന സാധ്യതകൾ ഉറപ്പു വരുത്തുന്നതിനായി ബന്ധപ്പെട്ട

വകുപ്പുകൾ ഏജൻസികളുടെ പ്രതിനിധികളുമായി പ്രാരംഭഘട്ടം മുതൽ ആവശ്യമായ ചർച്ചകളും ആശയ വിനിമയവും നഗരസഭ ചെയർപേഴ്സന്റെ നേതൃത്വത്തിൽ നടത്തേണ്ടതാണ്.

9. ദ്വിതീയ വിവരശേഖരണം - പ്രാഥമിക വിവരശേഖരണത്തിൽ ലഭ്യമാകാത്ത വിവരങ്ങൾ ദ്വിതീയ വിവരശേഖരണത്തിലൂടെ വിവിധ സ്ഥാപനങ്ങളിൽ നിന്ന് ശേഖരിക്കാവുന്നതാണ്. പ്രധാന കൃഷികൾ, കൃഷി രീതികൾ, കാർഷിക ഉല്പാദനം, മൃഗ സമ്പത്ത്, ക്ഷീരോല്പാദനം, മത്സ്യസമ്പത്ത്, ജലസേചന പദ്ധതികൾ, കുടിവെള്ള പദ്ധതികൾ തുടങ്ങിയ വിവരങ്ങൾ അതത് വകുപ്പുകളിൽ നിന്നും ശേഖരിക്കാവുന്നതാണ്. പ്രദേശത്ത് ലഭിക്കുന്ന മഴയുടെ അളവ്, അന്തരീക്ഷ ഊഷ്മാവ് എന്നിവ കാലാവസ്ഥാ വകുപ്പിൽ നിന്നും ഭൂഗർഭജലത്തിന്റെ അളവ് കേന്ദ്ര സംസ്ഥാന ഭൂജലവകുപ്പിൽ നിന്നും ലഭ്യമാകും. പദ്ധതി രൂപീകരണത്തിന് ആവശ്യമായ വിവിധ മാപ്പുകൾ കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്, മണ്ണുസംരക്ഷണ വകുപ്പ് എന്നിവിടങ്ങളിൽ നിന്നു ശേഖരിക്കാവുന്നതാണ്

10. **ഫോക്കസ്സ് ഗ്രൂപ്പ് ചർച്ചകൾ** - വിവരശേഖരണത്തിലൂടെ കണ്ടെത്തിയ പ്രവൃത്തികൾ സംബന്ധിച്ച് നീർത്തട പ്രദേശത്തിലെ വിവിധ വിഭാഗത്തിൽപ്പെട്ട ആളുകളുടെ അഭിപ്രായം തേടുന്നതിനായി ഫോക്കസ്സ് ഗ്രൂപ്പ് ചർച്ചകൾ സംഘടിപ്പിക്കണം. കർഷകർ, കർഷക തൊഴിലാളികൾ, ഭൂരഹിതർ, തൊഴിലുറപ്പ തൊഴിലാളികൾ, മേറ്റുമാർ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, സ്വയംസഹായ സംഘങ്ങൾ തുടങ്ങി വിവിധ വിഭാഗങ്ങളിൽപ്പെട്ടവരോട് നീർത്തടത്തിലെ പ്രശ്നങ്ങൾ സംബന്ധിച്ചും അവ പരിഹരിക്കുന്നതിനായി ഏറ്റെടുത്തു നടത്തേണ്ടുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ചും അവതരിപ്പിച്ച് അഭിപ്രായങ്ങൾ തേടേണ്ടതാണ്. **ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ പൂർത്തിയായാൽ സമഗ്ര പദ്ധതി രേഖയുടെ കരട് റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. സമഗ്ര പദ്ധതി രേഖയുടെ കരട് റിപ്പോർട്ട് തയ്യാറാക്കാനുള്ള പൂർണ ഉത്തരവാദിത്തം നീർത്തട കമ്മിറ്റിക്കാണ്.** അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ അക്രഡിറ്റഡ് എഞ്ചിനിയർ/ ഓവർസിയർ, നഗരസഭയിലെ എഞ്ചിനീയറിങ് വിഭാഗം ഉദ്യോഗസ്ഥർ, ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥർ എന്നിവരുടെ സേവനം സമഗ്ര പദ്ധതി രേഖയുടെ കരട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഉപയോഗപ്പെടുത്താവുന്നതാണ്.

11. ഭൂഗർഭ ജലവിതാനം, കിണറുകളിലേയും നീർച്ചാലുകളിലേയും വേനൽക്കാലത്തെ ജല ലഭ്യത, തരിശു ഭൂമിയുടെയും കൃഷി ഭൂമിയുടെയും വിസ്തൃതി, കാർഷിക-മൃഗസംരക്ഷണ മേഖലകളിലെ ഉത്പാദനം, ഭൂമിയുടെ വൃക്ഷമേലാപ്പ്, ജനങ്ങളുടെ ജീവനോപാധി പ്രവർത്തനങ്ങൾ തുടങ്ങിയ വിവിധ മേഖലകളിൽ പദ്ധതി തുടങ്ങുന്നതിനു മുൻപുള്ള അവസ്ഥ ബേസ് ലൈൻ ഡാറ്റയായി ശേഖരിച്ച് സമഗ്ര പദ്ധതി രേഖയിൽ ഉൾക്കൊള്ളിക്കേണ്ടതും പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലും പദ്ധതി അവസാനിച്ചു കഴിഞ്ഞും മേഖലകളിൽ ഉണ്ടായിട്ടുള്ള പുരോഗതി ശാസ്ത്രീയമായി വിലയിരുത്തേണ്ടതുമാണ്.

12. പദ്ധതി രൂപീകരണം മുതലുള്ള എല്ലാ ഘട്ടങ്ങളും വിശദമായി ഡോക്യുമെന്റ് ചെയ്യേണ്ടതാണ്. ആവശ്യമായ ഘട്ടങ്ങളിൽ വീഡിയോ ഡോക്യുമെന്റേഷനും ചെയ്യാവുന്നതാണ്. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ, ഡോക്യുമെന്റേഷൻ എന്നിവയ്ക്ക് വരുന്ന ചെലവ് പദ്ധതിയുടെ ഭരണനിർവ്വഹണ ഫണ്ടിൽ നിന്ന് വഹിക്കാവുന്നതാണ്.

13. **സംഘടനാ സംവിധാനം** -

A. നഗരസഭ തലത്തിൽ നഗരസഭ കൗൺസിൽ ആയിരിക്കും പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നത്.

B. പദ്ധതി പ്രവർത്തനങ്ങൾ ഏകോപ്പിപ്പിക്കുന്നതിനും സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും നഗരസഭ ചെയർപേഴ്സന്റെ അദ്ധ്യക്ഷതയിൽ സ്റ്റിയറിങ്ങ് കമ്മിറ്റി അംഗങ്ങൾ, വിവിധ വകുപ്പുകൾ എജൻസികൾ എന്നിവയുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥർ, കുടുംബശ്രീ C D S ചെയർപേഴ്സൺ, നീർത്തട കമ്മിറ്റി ഭാരവാഹികൾ എന്നിവർ അടങ്ങിയ ഒരു **കോർഡിനേഷൻ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്**. നഗരസഭ സെക്രട്ടറി കമ്മിറ്റിയുടെ കൺവീനർ ആയിരിക്കും. നീർത്തട പ്രദേശം ഒന്നിലധികം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെട്ട വരുന്ന സാഹചര്യത്തിൽ കൂടുതൽ പ്രദേശങ്ങൾ ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപന അധ്യക്ഷൻ, കോർഡിനേഷൻ കമ്മിറ്റി അദ്ധ്യക്ഷനാകേണ്ടതും മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപന അധ്യക്ഷന്മാർ, ഉപാദ്ധ്യക്ഷന്മാർ ആകേണ്ടതുമാണ്. സമാനമായ രീതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ കമ്മിറ്റിയുടെ കൺവീനർ, ജോയിന്റ് കൺവീനർ ചുമതലകളും വഹിക്കേണ്ടതാണ്.

C. നീർത്തട കമ്മിറ്റി - നഗരസഭയുടെ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അദ്ധ്യക്ഷൻ ആയി നീർത്തട കമ്മിറ്റി രൂപീകരിക്കണം. കൂടുതൽ നീർത്തടങ്ങളുള്ള നഗരസഭകളിൽ മറ്റ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരെയും നഗരസഭ കൗൺസിൽ തീരുമാന പ്രകാരം നീർത്തട കമ്മിറ്റി അദ്ധ്യക്ഷരായി ചുമതലപ്പെടുത്താവുന്നതാണ്. നീർത്തട പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ജനപ്രതിനിധികൾ ഉപാദ്ധ്യക്ഷർ ആയിരിക്കും. നഗരസഭ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ നീർത്തട കമ്മിറ്റിയുടെ കൺവീനർ ആയിരിക്കും. അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ അക്രഡിറ്റഡ് എൻജിനിയർ/ ഓവർസിയർ ജോയിന്റ് കൺവീനർ ആകണം. നീർത്തട കമ്മിറ്റിയിൽ 10-1 5 അംഗങ്ങൾ ഉണ്ടായിരിക്കണം. കുടുംബശ്രീ A D S ചെയർപേഴ്സൺമാർ, നീർത്തട അയൽക്കൂട്ടങ്ങളുടെ പ്രതിനിധികൾ, തൊഴിലുറപ്പ തൊഴിലാളികൾ/ മേറ്റുമാർ, കർഷകർ, കർഷക തൊഴിലാളികൾ, സന്നദ്ധ പ്രവർത്തകർ, പരിസ്ഥിതി പ്രവർത്തകർ തുടങ്ങിയവരുടെ പ്രതിനിധികൾ, ബന്ധപ്പെട്ട വകുപ്പുകളുടെ ഫീൽഡുതല ഉദ്യോഗസ്ഥർ എന്നിവരെ നീർത്തട കമ്മിറ്റിയിൽ ഉൾപ്പെടുത്തണം. നീർത്തട കമ്മിറ്റിയിൽ 50% വനിതാ പ്രാതിനിധ്യം ഉറപ്പാക്കണം. ജനസംഖ്യാനുപാതികമായി മതിയായ എണ്ണം പട്ടികജാതി-പട്ടികവർഗ്ഗ പ്രതിനിധികളെയും നിർബന്ധമായും ഉൾക്കൊള്ളിക്കേണ്ടതാണ്.

**നീർത്തട കമ്മിറ്റിയുടെ ചുമതലകൾ -**

a. നീർത്തട പ്രദേശത്ത് ജലസംരക്ഷണത്തിന്റെ പ്രാധാന്യം ബോദ്ധ്യപ്പെടുത്തുന്നതിനായി ബോധവല്ക്കരണ പ്രവർത്തനങ്ങൾ ക്യാംപയിൻ അടിസ്ഥാനത്തിൽ ഏറ്റെടുക്കുക.

b. പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും പ്രദേശവാസികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് വിപുലമായ സോഷ്യൽ മൊബിലൈസേഷൻ പ്രവർത്തനങ്ങൾ

c. പദ്ധതി പ്രദേശത്തിന് അനുയോജ്യമായ പ്രവൃത്തികൾ കണ്ടെത്തുന്നതിനായി ഫീൽഡു സർവ്വേ സംഘടിപ്പിക്കുക. സർവ്വേ നടത്തുന്നതിന് ആവശ്യമായ സഹായ സഹകരണങ്ങൾ നല്കുക. സർവ്വേ കുറ്റമറ്റ രീതിയിൽ എല്ലാ പ്രദേശങ്ങളിലും നടക്കുന്നു എന്ന് ഉറപ്പു വരുത്തുക.

d. പദ്ധതി രേഖയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ നീർത്തടത്തിന്റെ ഉയർന്ന പ്രദേശങ്ങളിൽ നിന്ന് താഴോട്ട് എന്ന ക്രമത്തിൽ യഥാസമയം ശാസ്ത്രീയമായി നിർവ്വഹണം നടക്കുന്നു എന്നുറപ്പു വരുത്തൽ

e. നീർത്തട അയൽക്കൂട്ടങ്ങളുടെ ഏകോപനം

f. പദ്ധതി പ്രദേശത്തെ സംയോജന സാധ്യതകൾ കണ്ടെത്തുകയും പദ്ധതി നിർവഹണത്തിൽ നീർത്തട ഗ്രാമസഭകളുടെ സംഘാടനം വിവിധ പദ്ധതികളുമായിട്ടുള്ള സംയോജനം ഉറപ്പുവരുത്തലും.

g. പദ്ധതി നിർവ്വഹണത്തിൽ സുതാര്യതയും വിശ്വാസ്യതയും ഉറപ്പുവരുത്തുക

h. പരിശീലന ആവശ്യങ്ങൾ കണ്ടെത്തുകയും ആവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.

i. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ, തർക്കങ്ങൾ എന്നിവയ്ക്ക് ഉചിതമായ പരിഹാരങ്ങൾ കണ്ടെത്തുക.

D. **നീർത്തട വാർഡ് സഭകൾ** - പദ്ധതി പ്രദേശത്ത് ഉൾപ്പെട്ടു വരുന്ന വാർഡുകളിലെ ജനങ്ങളെ ഉൾക്കൊള്ളിച്ച് നീർത്തട ഗ്രാമസഭകൾ രൂപീകരിക്കേണ്ടതാണ്. പദ്ധതി രേഖയുടെ അംഗീകാരം. പദ്ധതി നിർവ്വഹണത്തിന്റെ സമയബന്ധിതമായ പുരോഗതി റിപ്പോർട്ടിങ്ങ് എന്നിവയ്ക്കായി നീർത്തട വാർഡ്സഭ വിളിച്ചു ചേർക്കേണ്ടതാണ്.

14. സമഗ്ര പദ്ധതി രേഖയുടെ കരട് റിപ്പോർട്ട് തയ്യാറായി കഴിഞ്ഞാൽ ആയത് ഹരിതകേരളം മിഷന്റെ ഭാഗമായി രൂപീകരിച്ചിട്ടുള്ള സാങ്കേതിക സമിതിയുടെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. തുടർന്ന് നഗരസഭാതല കോർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക യോഗം വിളിച്ചു ചേർത്ത് അവതരിപ്പിക്കണം. നീർത്തടാധിഷ്ഠിതമായി തയ്യാറാക്കിയിട്ടുള്ള സമഗ്ര പദ്ധതി രേഖ പവർ പോയിന്റ്

പ്രസന്റേഷൻ രൂപത്തിൽ കോർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി അവതരിപ്പിച്ച് ചർച്ച ചെയ്യേണ്ടതാണ്. അനുവദനീയമായ എല്ലാ പ്രവൃത്തികളും ഉൾപ്പെട്ടു വന്നിട്ടുണ്ടോയെന്നും ശാസ്ത്രീയമായി ആണോ പ്രവൃത്തികൾ കണ്ടെത്തിയിട്ടുള്ളതെന്നും സംയോജന സാധ്യതകൾ പൂർണ്ണമായും ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും പരിശോധിച്ച് ഉറപ്പ് വരുത്തണം.

15. കോർഡിനേഷൻ കമ്മറ്റി ചർച്ച ചെയ്തു അംഗീകരിച്ച പദ്ധതിരേഖ തൊഴിലുറപ്പ് പദ്ധതിയുടെ ലേബർ ബഡ്ജറ്റ്, വാർഷിക കർമ്മപദ്ധതി എന്നിവയുടെ ഭാഗമാക്കേണ്ടതും പദ്ധതി അംഗീകാരത്തിന് നിലവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം തന്നെ അംഗീകാരം വാങ്ങേണ്ടതുമാണ്.

16. വലിയ അളവിൽ പ്രവൃത്തികൾ കണ്ടെത്തപ്പെടുന്ന സാഹചര്യത്തിൽ തുടർന്നു വരുന്ന വിവിധ വർഷങ്ങളിലെ പദ്ധതിയിൽ പ്രവൃത്തികൾ യഥാവിധി ഉൾക്കൊള്ളിച്ചാൽ മതിയാകുന്നതാണ്. ആവശ്യമായ സാങ്കേതിക സഹായങ്ങൾ മുനിസിപ്പൽ എഞ്ചിനീയർ നല്കേണ്ടതാണ്. സമഗ്ര പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള മാതൃകാ ഫോർമാറ്റ് (അനുബന്ധം 1 ആയി നല്കിയിരിക്കുന്നു).

**നീർത്തട പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ചുവടെപ്പറയുന്ന നടപടികൾ നഗരസഭ തലത്തിൽ സ്വീകരിക്കേണ്ടതാണ്.**

1. ഒറ്റയൊറ്റയായി ജലസംരക്ഷണ പ്രവൃത്തികൾ കണ്ടെത്തുന്നത് ഒഴിവാക്കി നഗരസഭയ്ക്കായി ഒരു സമഗ്ര നീർത്തട പദ്ധതി തയ്യാറാക്കി പ്രവൃത്തികൾ ഏറ്റെടുക്കേണ്ടതാണ്. നഗരസഭയുമായി അതിർത്തി പങ്കിടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സമഗ്ര നീർത്തട പദ്ധതി പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2. നഗരസഭയിൽ നീർത്തട പദ്ധതികൾ രൂപപ്പെടുത്തുന്നതിന് കൃഷി, മണ്ണ് സംരക്ഷണം, ജലവിഭവം തുടങ്ങിയ വകുപ്പുകളിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സേവനം ലഭ്യമാക്കേണ്ടതാണ്.

3. എല്ലാ പ്രകൃതി വിഭവ പരിപാലന പ്രവൃത്തികളും പ്രകൃതി ദുരന്ത സാധ്യതകൾ ലഘൂകരിക്കുന്ന വിധത്തിൽ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4. പ്രവൃത്തികൾ തിരഞ്ഞെടുക്കുമ്പോൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കിയിട്ടുള്ള ദുരന്തസാധ്യതാ മാപ്പുകളിൽ ലഭ്യമായ വിവരങ്ങൾ കൂടി പരിഗണിക്കേണ്ടതാണ്.

5. നഗരസഭയിലെ മുഴുവൻ കിണറുകളും റീച്ചാർജ്ജ് ചെയ്യുന്നതിന് പദ്ധതി ഉണ്ടാകേണ്ടതാണ്. പാർശ്വവൽകൃത വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് സൗജന്യമായി തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി കിണർ റീച്ചാർജിങ് ചെയ്യേണ്ടതാണ്. മറ്റു വിഭാഗത്തിൽപ്പെട്ടവർക്ക് അനുയോജ്യമായ പദ്ധതികളിൽ ഉൾപ്പെടുത്തിയോ സ്വന്തം

നിലയിലോ ഈ പ്രവൃത്തി ഏറ്റെടുക്കാൻ സാധിക്കേണ്ടതാണ്. കിണർ റീച്ചാർജിംഗ് ചെയ്യുന്നതിന് കുടുംബശ്രീ ഗ്രൂപ്പുകളെ പരിശീലനം നല്കി തയ്യാറാക്കേണ്ടതാണ്.

6. ആവശ്യമായ ഇടങ്ങളിൽ സർക്കാർ കെട്ടിടങ്ങളിൽ മേൽപ്പുര മഴവെള്ളം സംഭരിച്ചു ഉപയോഗിക്കുന്നതിന് ഫെറോസിമന്റ് ടാങ്കുകൾ തൊഴിലുറപ്പപദ്ധതിയിൽ നിർമ്മിക്കേണ്ടതാണ്.

7. നീർച്ചാലുകളുടെയും തോടുകളുടെയും കനാലുകളുടെയും വശങ്ങൾ ഇടിഞ്ഞു പോകാതെ കയർ ഭൂവസ്ത്രം അടക്കമുള്ള പരിസ്ഥിതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ചു സംരക്ഷിക്കേണ്ടതാണ്.

8. ചെറുകിട ജലസേചനം, മണ്ണ് സംരക്ഷണ വകുപ്പ് എന്നിവയുടെ പദ്ധതികളിലെ അവിദഗ്ധ തൊഴിൽ ഘടകം ഫലപ്രദമായി സംയോജിപ്പിക്കാൻ കഴിയുന്നതാണ്. (കേരള മുനിസിപ്പാലിറ്റി ആക്ട് 1994 അനുസരിച്ച് കൃഷി, മണ്ണ് സംരക്ഷണം, മൃഗസംരക്ഷണം, പരിസ്ഥിതി സംരക്ഷണം എന്നീ മേഖലകളിലെ എല്ലാ വികസന പ്രവൃത്തനങ്ങളും നഗരസഭകളിൽ നിക്ഷിപ്തമാണ്).

9. നഗരസഭകളിൽ മരം നടാൻ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി വൃക്ഷവൽകരണ പ്രവർത്തനം ഏറ്റെടുക്കണം. പൊതുഭൂമിയിൽ നട്ടുന്ന തൈകളുടെ 3 മുതൽ 5 വർഷം വരെയുള്ള പരിപാലനം തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്നുണ്ട് എന്നത് ഉറപ്പാക്കേണ്ടതാണ്. പൊതു സ്ഥലത്ത് നട്ടുന്ന മരങ്ങളിൽ നിന്നുള്ള ആദായം ദുർബല വിഭാഗം ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്ന എന്ന് ഉറപ്പാക്കേണ്ടതാണ്.

10. വൃക്ഷതൈകൾ ഉല്പാദിപ്പിക്കുന്നതിന് നഴ്സറികൾ സ്ഥാപിക്കണം തൊഴിലുറപ്പ് തൊഴിലാളികൾക്ക് ബഡിംഗ്, ഗ്രാഫ്റ്റിംഗ് എന്നിവയിൽ പരിശീലനം നല്കിയാൽ മെച്ചപ്പെട്ടയിനം ഫലവൃക്ഷതൈകൾ ഉല്പാദിപ്പിക്കുവാൻ സാധിക്കും. Grafting-ൽ ആവശ്യമായ നൈപുണ്യം വളർത്തുന്നതിന് തൊഴിലാളികൾക്ക് അടുത്തുള്ള KVK വഴി പരിശീലനങ്ങൾ നൽകേണ്ടതാണ്. Grafting-ന് ആവശ്യമായ scion plant graft പ്രാദേശികമായി കർഷകരിൽ നിന്നും ശേഖരിക്കേണ്ടതാണ്. ഹരിത കേരളം മിഷനുമായി സഹകരിച്ചുകൊണ്ട് ഫലവൃക്ഷ തൈകൾ ശേഖരിച്ച്, പ്രാദേശികമായി വികസിപ്പിച്ചെടുത്ത ഫലവൃക്ഷ തൈകൾ ശേഖരിച്ച് വച്ച്പിടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്. കൂടാതെ പച്ചതുരുത്തുകൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഏറ്റെടുക്കേണ്ടതാണ്.

11. കാർഷിക കാലാവസ്ഥയെ അടിസ്ഥാനമാക്കി ഓരോ ജില്ലയിലും ഒന്നോ രണ്ടോ തരം ഉയർന്ന വില ലഭിക്കുന്ന ഗ്രാഫ്റ്റ് ഫലവൃക്ഷതൈകൾ നഴ്സറികളിൽ വളർത്തി ചെറുകിടനാമമാത്ര കർഷകർക്ക് ലഭ്യമാക്കിയാൽ മികച്ച ലാഭം ലഭിക്കുന്നതിനോടൊപ്പം മൂല്യവർദ്ധനവിനുള്ള പ്രവർത്തനങ്ങളും ഏറ്റെടുക്കേണ്ടതാണ്. വ്യക്തിഗത പ്രവർത്തനങ്ങളുടെ ഭാഗമായി ഈ പ്രവൃത്തി ഏറ്റെടുക്കുന്നത് ചെടികളുടെ നിലനിൽപ്പ് ഉറപ്പാക്കേണ്ടതാണ്.

12. നീർച്ചാലുകൾ, കനാലുകൾ, നദികൾ എന്നിവയുടെ ഓരങ്ങളിൽ മുള, രാമച്ചം, കാലങ്ങളോളം നിലനിൽക്കുന്ന തീറ്റപ്പുൽ എന്നിവ വച്ചു പിടിപ്പിക്കുന്നതിന് പദ്ധതിയുണ്ടാക്കേണ്ടതാണ്.

13. മുളയെ പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കേണ്ടതാണ്. മണ്ണൊലിപ്പ് തടയുന്നതിനോടൊപ്പം കർഷകർക്ക് വരുമാനം ഉണ്ടാക്കുന്നതിനുള്ള ഒരു ഉറവിടമായും ഇതിന് മാറാൻ കഴിയും. ശരിയായ മാർക്കറ്റിംഗ് ഉറപ്പ് വരുത്തികൊണ്ട് ഇവയുടെ കൃഷി വ്യാപിപ്പിക്കാൻ കഴിയേണ്ടതാണ്. പല കുടിൽ വ്യവസായങ്ങളിലും അസംസ്കൃതവസ്തുവായി മുള ഉപയോഗിക്കാവുന്നതാണ്. കൂടാതെ വ്യാവസായിക അസംസ്കൃത വസ്തുവെന്ന നിലയിലും മുളയ്ക്ക് പ്രാധാന്യമേറെയാണ്.

14. അനുയോജ്യമായ ഇടങ്ങളിൽ കണ്ടൽക്കാടുകൾ വളർത്തിയെടുക്കുന്നതിന് തൊഴിലുറപ്പപദ്ധതിയിൽ പ്രത്യേക പരിഗണന നല്കി ഏറ്റെടുക്കേണ്ടതാണ്.

15. കടൽതീരങ്ങളിൽ തിരമാലകളുടെ ആഘാതം കുറയ്ക്കുന്നതിനും തീരശോഷണത്തെ പ്രതിരോധിക്കുന്നതിനും അനുയോജ്യമായ കാറ്റാടി തുടങ്ങിയ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കേണ്ടതാണ്.

16. **വ്യക്തിഗത പദ്ധതികൾ**

a. ഭൂമിയിലെ മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾ

b. ബയോമാസ്സിൻറെ അളവ് കൂട്ടുന്നതിനുള്ള പരിപാടികൾ

c. ജൈവ വൈവിദ്ധ്യം കൂട്ടുന്നതിനുള്ള പദ്ധതികൾ

d. ജലസേചനത്തിനായി കുളം നിർമ്മാണം

e. നിലവിലെ ജലസ്രോതസ്സുകളായ കിണറുകൾ റീചാർജ്ജ് ചെയ്ത് ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ

f. ക്ഷീര കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള തൊഴുത്ത് തുടങ്ങിയ മൃഗസംരക്ഷണപരിപാടികൾക്കുള്ള അടിസ്ഥാന സൗകര്യമൊരുക്കൽ (ഫാം പോണ്ടുകൾ കൃഷിയ്ക്കുപയുക്തമാകുന്ന വിധത്തിൽ മാത്രം നിർമ്മിക്കേണ്ടതാണ്).

## NEERURAVU MODEL COMPREHENSIVE WATERSHED PLANS

### Annexure I

*Chapter wise components to be included in DPR*

CHAPTER I

Introduction

- Project Background
- Need and Scope of Watershed Management
- Main Objectives and Methodology

CHAPTER II

General Description of Project Area

  - Brief History

- General information of District, Parliamentary Constituency, Taluk
- Municipality
- Village
- Wards
- Co-ordinates
- Name of watershed
- Characteristics of Watershed
- Total Area
- Treatable Area
- River Basin of Watershed
- Forest Area
- Location Map and Route Map
- Physiographic Features, Relief

Physiographic Position of Watershed (High land, Mid land, Low land) •

Elevation Range (Maximum, Minimum)

Slope wise classification.

- Drainage (attach Drainage Map)
- Major Drains
- Stream Order Classification

| Si.No. | Stream Order | No Of Streams | Total Length |
|---|---|---|---|
| | | | |
| | | | |

- Cimate-Rainfall and Temperature.
- Average Rainfall, Rainfall Pattern, Dry Spells, Minimum and Maximum Temperature,Mean Average Temperature, Floods and Droughts.
- Soil Details (attach soil map)
- Soil Type, depth, erosion, land capability classification
- Problems related to soils, crop production, marketing
    - Agriculture and Present Land use (Area under different crops and Built u Area)
    - Geology (attach map from Geological Survey of India)
    - Geomorphology
    - Ground Water
- Depth of Ground Water
- Public Ponds
- Public Wells
- Observation Wells (pre monsoon and post monsoon from 3 observation wells each from upper, middle and lower reaches)

- Irrigation
- Number of Perennial Streams/Springs
- Number of Seasonal Streams
- Lean period in a year (December to May)
- Extent of area under irrigation and its source
- Socio Economic Details
- Population: Total Population, male/female, SC/ST (male, female), BPL, Small and Marginal Farmers, Literacy Drinking
- Education Institutions: Number of Govt/Private, Facilities available like toilet, water, School, Anganwadies, Medical facilities
- Credit facilities
- Marketing facilities
- Land Holding Size: 0-5 cents, 50-250 cents etc.
- Transport Facilities: PWD Roads, Panchayath Roads, Pucca Roads, Katcha Roads
- Occupation Status
- Community Organisations
- Number of SHGS
- Families under AUEGS
- Active Workers under AUEGS
- Existing facilities of micro and small enterprises and improvements required
- Animal Husbandry and Dairying
- Cow, goat, poultry, piggery etc.
- Milk and Milk Marketing Societies

- SWOT Analysis

CHAPTER III

- Capacity Building
- Awareness creation Activities & Trainings
- Instruction Building like, NHG, Watershed Committee
- Proposed Skill Enhancement Training
- Documentation of all Activities right from Planning Process (All important meetings, field survey, transect walk, major intervention/sites - pre work & post work)

CHAPTER IV

- Inventions Suggested
- NRM - Area Development (Both in Public & Private Land, Stream based interventions - A separate session may be included for Climatic change Adaptation Measures
- Individual Assets creation - Agriculture, Livestock and other allied sector activities, Livelihood assets, Suchitwa Keralam components
- SHG based Activities
- Rural Infrastructure development
- Attach short write up and Item wise split up (in the Same Action Plan Format presently followed)
- Scope of Convergence with LSGI Plan Fund & other Department schemes.
- Convergence Plans
- Action Plan with Year wise Phasing (attach proposed existing and proposed intervention Maps)
- Interventions suggested for various problems mentioned

CHAPTER V

- Expected project outcome from each intervention or a set of interventions
- Details of Personday generation
- Copies of Approvals at various levels Measures adopted for sustainability
- Monitoring mechanism
- Bench Marks & Project Evaluation Criteria

CHAPTER VI

- Annexure
- Estimates
- Maps
- Watershed boundary
- Drainage Map
- Contour Map
- Cadastral Boundary Map
- Slope Map
- Soil Map
- Land Use Land Cover
- Geology
- Existing Intervention Map
- Proposed treatment Map (GIS Plan)

ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Nisam N
സെക്ഷൻ ഓഫീസർ.
Date: 02-12-2023 14:13:47

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം

ഡയറക്ടർ, തദ്ദേശ സ്വയംഭരണ (നഗരം) വകുപ്പ്, തിരുവനന്തപുരം

മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ മേയർ/സെക്രട്ടറിമാർക്കും (തദ്ദേശ സ്വയംഭരണ (നഗരം) വകുപ്പ് ഡയറക്ടർ മുഖേന)

എല്ലാ മുനിസിപ്പൽ കൗൺസിൽ ചെയർപേഴ്സൺ/സെക്രട്ടറിമാർക്കും (തദ്ദേശ സ്വയംഭരണ (നഗരം) വകുപ്പ് ഡയറക്ടർ മുഖേന)

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

സ്റ്റോക്ക് ഫയൽ

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്